# Mathrubhumi

# 22 August 2018

# Kochi,  Flood, Asha Worker, Relief Works

## പ്രത്യാശയാണ് ഈ ആശാ വർക്കർ

**കൊച്ചി** ▸ യു.സി. കോളേജിലെ ദുരിതാശ്വാസ ക്യാമ്പിൽ ആരോഗ്യ വിഭാഗത്തിലെ വൊളൻറിയറായ സ്ത്രീയുടെ മുഖത്ത് സങ്കടവും ഉറക്കക്ഷീണവും. എന്നാൽ അവർ അപ്പോഴും ജോലി തുടരുകയാണ്.

സ്വത്ത് ഭാഗം വെച്ചപ്പോൾ കിട്ടിയ കടുങ്ങല്ലൂർ ഉളിയന്നൂരിലെ ഒരു മുറിയും അടുക്കളയുമുള്ള വീട് പൂർണമായി പ്രളയം കവർന്നു. ഇതോടെ രണ്ട് കുട്ടികളെയുമെടുത്ത് ഭർത്താവുമായി കുഞ്ഞുണ്ണിക്കര എച്ച്.എം. മദ്രസയിലെ ക്യാമ്പിലേക്ക്. എന്നാൽ തളർന്നിരിക്കാൻ അവർക്ക് സാധിക്കില്ലായിരുന്നു. വീട്ടുപകരണങ്ങളും അവശ്യ രേഖകളും കുട്ടികളുടെ പുസ്തകങ്ങളും മുങ്ങിനശിച്ചു. ഈ ദുഃഖം മനസ്സിൽ ഒതുക്കി ജനങ്ങൾക്കായി ആശാ വർക്കർ എന്ന തൻെറ കർത്തവ്യം നിർവഹിക്കുന്നു. ഉളിയന്നൂർ തൈക്കാട്ടുപറമ്പിൽ മാഹിൻകുട്ടിയുടെ ഭാര്യ റംല മാഹിൻകുട്ടിയാണ് ദുഃഖത്തിലും തളരാതെ തൻെറ സേവനം നടത്തുന്ന ആശാ വർക്കർ.

കുഞ്ഞുണ്ണിക്കര എച്ച്.എം. മദ്രസയിലെ ക്യാമ്പിൽ മൂന്ന് രാത്രിയും രണ്ടു പകലും അവർ ജോലി ചെയ്തു. ഉറങ്ങാൻ പോലും കഴിയാത്ത സ്ഥിതിയായിരുന്നു. എന്നാൽ അവരെ ഉറക്കം തളർത്തിയില്ല. അവർ ക്യാമ്പിലുള്ളവർക്ക് ഭക്ഷണം എത്തിക്കാനും ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുമായി ഉറങ്ങാതെ ജോലിയെടുത്തു. ഈ ക്യാമ്പിലും വെള്ളം ഭീഷണിയായതോടെയാണ് യു.സി. കോളേജിലെ ക്യാമ്പിലേക്ക്. അവിടെയും സന്നദ്ധ പ്രവർത്തനം നിർത്തിയില്ല. പ്രവർത്തനം നാലു ദിവസമായി തുടരുകയാണ്.

11-ഉം നാലും വയസ്സുള്ള മക്കളെ ക്യാമ്പിലിരുത്തിയായിരുന്നു പ്രവർത്തനം. ഭർത്താവ് മാഹിൻകുട്ടിയും വൊളൻറിയറായി രംഗത്തുണ്ട്. വീടുകളിൽ വെള്ളം ഇറങ്ങിത്തുടങ്ങി എന്ന് കേൾക്കുന്നുണ്ട്. എന്നാൽ സന്നദ്ധപ്രവർത്തനം തുടരുന്നതിനാൽ ഇപ്പോഴും വീട്ടിലെത്തി സ്ഥിതി മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. ക്യാമ്പിലെ അയൽക്കാർ പറഞ്ഞ് വീടിൻെറ സ്ഥിതി ഇവർ അറിഞ്ഞു. എന്നാൽ ഇതിലൊന്നും തളർന്നിരിക്കാൻ ഈ ദമ്പതിമാർ തയ്യാറല്ല.

"പലർക്കും ജീവൻ വരെ നഷ്ടമായി. അങ്ങനെ സംഭവിച്ചില്ലല്ലോ. കിട്ടിയ ജീവൻ കൊണ്ട് മറ്റുള്ളവരെ സഹായിക്കാനായി പ്രവർത്തിക്കുക തന്നെ" - റംല മാഹിൻകുട്ടി പറഞ്ഞു.



▸ യു.സി. കോളേജിലെ ദുരിതാശ്വാസ ക്യാമ്പിൽ ആശാവർക്കർ റംലാ മാഹിൻകുട്ടി